**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2701** **24-06-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയിലെ ഓഡിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. സുജിത് വിജയൻപിള്ള | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സഹകരണ മേഖലയിൽ ഓഡിറ്റ് കാര്യക്ഷമമാക്കുന്നതിനായി നടപടികൾ സ്വീകരിയ്ക്കാൻ ഉദ്ദേശിയ്ക്കുന്നുണ്ടോ; | (എ) | സഹകരണ മേഖലയിലെ ഓഡിറ്റ് കാര്യക്ഷമമാക്കുന്നതിലേയ്ക്കായി സഹകരണ വകുപ്പിൽ ടീം ഓഡിറ്റ് സംവിധാനം സംസ്ഥാന വ്യാപകമായി നടപ്പിലാക്കുന്നതുൾപ്പെടെ വിവിധ നടപടികൾ സ്വീകരിച്ചു വരുന്നു. സഹകരണ സംഘങ്ങളുടെ ഓഡിറ്റ് കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതും ആക്കുന്നതിലേയ്ക്കായി സഹകരണ വകുപ്പിൽ ടീം ഓഡിറ്റ് സംവിധാനം പൈലറ്റ് അടിസ്ഥാനത്തിൽ പത്തനംതിട്ട, തൃശ്ശൂർ ജില്ലകളിൽ ആരംഭിക്കുകയും സംസ്ഥാനമൊട്ടാകെ ടീം ഓഡിറ്റ് നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകുകയും എല്ലാ ജില്ലകളിലും ടീം ഓഡിറ്റ് സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>സഹകരണസംഘങ്ങളുടെ ഓഡിറ്റ് റിപ്പോർട്ടിലെ പ്രധാനപ്പെട്ട വിവരങ്ങൾ പൊതുജനങ്ങൾക്കടക്കം പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി Co-operative Audit Monitoring & Information System (CAMIS) എന്ന ഡാഷ് ബോർഡ് സേവനം www.camis.kerala.gov.in എന്ന പേജിലൂടെ ലഭ്യമാണ്. സംഘങ്ങളുടെ അംഗത്വം, നിക്ഷേപം, വായ്പ, ലാഭം/നഷ്ടം തുടങ്ങിയ വിവരങ്ങൾ ഇതിലൂടെ അറിയാൻ കഴിയുന്നതാണ്. സഹകരണ മേഖലയുടെ സുതാര്യത ഉറപ്പുവരുത്തുന്നതിനും ഇടപാടുകാർക്കും അംഗങ്ങൾക്കും സ്ഥാപനത്തെ കുറിച്ച് കൂടുതൽ അറിയുന്നതിനും ഈ സേവനം സഹായിക്കുന്നു.<br><br>സഹകരണ സംഘം നിയമത്തിന്റെ സമഗ്ര പരിഷ്കരണത്തിൽ ഓഡിറ്റ് കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി നിയമ ഭേദഗതികൾ വരുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | സംസ്ഥാനമൊട്ടാകെ ടീം ഓഡിറ്റ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി വകുപ്പിലെ എല്ലാ ഓഡിറ്റർമാർക്കും പരിശീലന പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.<br><br>സഹകരണ നിയമ ഭേദഗതി പ്രകാരം സഹകരണ മേഖലയിലെ അക്കൗണ്ടിംഗ് **GAAP** യിലേയ്ക്ക് മാറുന്നതിന്റെ ഭാഗമായി സഹകരണ സംഘങ്ങൾക്ക് ഒരു മോഡൽ അക്കൗണ്ടിംഗ് മാന്വൽ തയ്യാറാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>വസ്തു ഈടുകളുടെ സാമ്പിൾ തെരഞ്ഞെടുത്ത് ഭൗതിക പരിശോധന നടത്തുവാൻ ഓഡിറ്റർമാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്.<br><br>ഓഡിറ്റ് MATRIX ന്റെ ഉപയോഗത്തിലൂടെ ഓഡിറ്റ് കൂടുതൽ കാര്യക്ഷമമാക്കുവാനും റിപ്പോർട്ടിംഗ് മികവുറ്റതാക്കുവാനും റിസ്ക് കൂടിയ മേഖലകളിൽ കൂടുതൽ ശ്രദ്ധ ചെലുത്താനുമുള്ള പരിശീലനം ഓഡിറ്റ് ഡയറക്ടറുടെ നേതൃത്വത്തിൽ നൽകിയിട്ടുണ്ട്.<br><br>സഹകരണ ഓഡിറ്റ് വ്യവസ്ഥാപിതവും ഫലപ്രദവുമാക്കുവാൻ **Entry Meet, Exit Meet, Draft Audit Memo, Audit Para System, Compliance Register, Para Dropping** എന്നിവ സഹകരണ ഓഡിറ്റ് ഡയറക്ടറുടെ **01/2023, 02/2023, 05/2023** എന്നീ സർക്കുലർ നിർദ്ദേശങ്ങൾ പ്രകാരം നടപ്പിലാക്കിവരുന്നുണ്ട്.<br><br>ഓഡിറ്റ് വിഭാഗം ഉൾപ്പെടെയുള്ള സഹകരണ വകുപ്പിന്റെ പുന:സംഘടന സംബന്ധിച്ച പ്രൊപോസലുകൾ സർക്കാർ വിശദമായി പരിശോധിച്ചു വരികയാണ്. |
| (ബി) | ഓഡിറ്റർമാരുടെ നിയമനം ഉൾപ്പെടെ ഓഡിറ്റിന്റെ രീതി മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ? | (ബി) | സഹകരണ മേഖലയിലെ ഓഡിറ്റ് കാര്യക്ഷമമാക്കുന്നതിലേയ്ക്കായി സഹകരണ വകുപ്പിൽ ടീം ഓഡിറ്റ് സംവിധാനം സംസ്ഥാന വ്യാപകമായി നടപ്പിലാക്കുന്നതുൾപ്പെടെ വിവിധ നടപടികൾ സ്വീകരിച്ചു വരുന്നു. സഹകരണ സംഘങ്ങളുടെ ഓഡിറ്റ് കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതും ആക്കുന്നതിലേയ്ക്കായി സഹകരണ വകുപ്പിൽ ടീം ഓഡിറ്റ് സംവിധാനം പൈലറ്റ് അടിസ്ഥാനത്തിൽ പത്തനംതിട്ട, തൃശ്ശൂർ ജില്ലകളിൽ ആരംഭിക്കുകയും സംസ്ഥാനമൊട്ടാകെ ടീം ഓഡിറ്റ് നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകുകയും എല്ലാ ജില്ലകളിലും ടീം ഓഡിറ്റ് സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സഹകരണസംഘങ്ങളുടെ ഓഡിറ്റ് റിപ്പോർട്ടിലെ പ്രധാനപ്പെട്ട വിവരങ്ങൾ പൊതുജനങ്ങൾക്കടക്കം പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി Co-operative Audit Monitoring & Information System (CAMIS) എന്ന ഡാഷ് ബോർഡ് സേവനം www.camis.kerala.gov.in എന്ന പേജിലൂടെ ലഭ്യമാണ്. സംഘങ്ങളുടെ അംഗത്വം, നിക്ഷേപം, വായ്പ, ലാഭം/നഷ്ടം തുടങ്ങിയ വിവരങ്ങൾ ഇതിലൂടെ അറിയാൻ കഴിയുന്നതാണ്. സഹകരണ മേഖലയുടെ സുതാര്യത ഉറപ്പുവരുത്തുന്നതിനും ഇടപാടുകാർക്കും അംഗങ്ങൾക്കും സ്ഥാപനത്തെ കുറിച്ച് കൂടുതൽ അറിയുന്നതിനും ഈ സേവനം സഹായിക്കുന്നു.

സഹകരണ സംഘം നിയമത്തിന്റെ സമഗ്ര പരിഷ്കരണത്തിൽ ഓഡിറ്റ് കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി നിയമ ഭേദഗതികൾ വരുത്തിയിട്ടുണ്ട്.

സംസ്ഥാനമൊട്ടാകെ ടീം ഓഡിറ്റ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി വകുപ്പിലെ എല്ലാ ഓഡിറ്റർമാർക്കും പരിശീലന പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.

സഹകരണ നിയമ ഭേദഗതി പ്രകാരം സഹകരണ മേഖലയിലെ അക്കൗണ്ടിംഗ് **GAAP** യിലേയ്ക്ക് മാറുന്നതിന്റെ ഭാഗമായി സഹകരണ സംഘങ്ങൾക്ക് ഒരു മോഡൽ അക്കൗണ്ടിംഗ് മാന്വൽ തയ്യാറാക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

വസ്തു ഈടുകളുടെ സാമ്പിൾ തെരഞ്ഞെടുത്ത് ഭൗതിക പരിശോധന നടത്തുവാൻ ഓഡിറ്റർമാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ഓഡിറ്റ് MATRIX ന്റെ ഉപയോഗത്തിലൂടെ ഓഡിറ്റ് കൂടുതൽ കാര്യക്ഷമമാക്കുവാനും റിപ്പോർട്ടിംഗ് മികവുറ്റതാക്കുവാനും റിസ്ക് കൂടിയ മേഖലകളിൽ കൂടുതൽ ശ്രദ്ധ ചെലുത്താനുമുള്ള പരിശീലനം ഓഡിറ്റ് ഡയറക്ടറുടെ നേതൃത്വത്തിൽ നൽകിയിട്ടുണ്ട്.

സഹകരണ ഓഡിറ്റ് വ്യവസ്ഥാപിതവും ഫലപ്രദവുമാക്കുവാൻ **Entry Meet, Exit Meet, Draft Audit Memo, Audit Para System, Compliance Register, Para Dropping** എന്നിവ സഹകരണ ഓഡിറ്റ് ഡയറക്ടറുടെ **01/2023, 02/2023, 05/2023** എന്നീ സർക്കുലർ നിർദ്ദേശങ്ങൾ പ്രകാരം നടപ്പിലാക്കിവരുന്നുണ്ട്.

ഓഡിറ്റ് വിഭാഗം ഉൾപ്പെടെയുള്ള സഹകരണ വകുപ്പിന്റെ പുന:സംഘടന സംബന്ധിച്ച

| | | | |
|---|---|---|---|
| | | | പ്രൊപോസലുകൾ സർക്കാർ വിശദമായി പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ